# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 371

28.01.2019-ൽ മറുപടിക്ക്

## ചരിത്ര രേഖകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ.ജോർജ് എം. തോമസ്
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.രാജു എബ്രഹാം
ശ്രീ.എൻ. വിജയൻ പിള്ള

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരളത്തിന്റെ സമ്പന്നമായ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ ചരിത്രരേഖകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്രിയാത്മകമായ പദ്ധതികളാണ് പുരാരേഖാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ കേരളത്തിലെ വിവിധ വകുപ്പുകളിലും, സെക്രട്ടേറിയേറ്റിലും സൂക്ഷിക്കുന്ന ശാശ്വത മൂല്യമുള്ള ഭരണപരമായ ഔദ്യോഗിക രേഖകളുടെ ക്രമീകരണം, ശാസ്ത്രീയ സംരക്ഷണം, ദൃശ്യവൽക്കരണം തുടങ്ങിയവ വകുപ്പ് നടത്തി വരുന്നു. കേരളത്തിന്റെ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മുതൽക്കൂട്ടായ നിരവധി പ്രാദേശിക പൈതൃക രേഖകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി. സ്വകാര്യ വ്യക്തികളുടേയും, സാമൂഹ്യ സംഘടനകളുടേയും ആരാധനാലയങ്ങളുടേയും പക്കലുള്ള അമൂല്യമായ ചരിത്ര രേഖകൾ കണ്ടെത്തി അവയ്ക്ക് വേണ്ട ശാസ്ത്രീയ സംരക്ഷണം ഈ പദ്ധതിയിലൂടെ വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല രേഖകൾ, പേപ്പർ റിക്കാർഡുകൾ, ഡിജിറ്റൽ ഇമേജുകളായി സൂക്ഷിച്ച് വരുംതലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ഡിജിറ്റൈസേഷൻ പദ്ധതി കഴിഞ്ഞ 10 വർഷത്തിലേറെയായി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം വിവിധ രേഖകൾക്ക് രാസസംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് നൽകി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സാക്ഷരതാമിഷന്റെ സഹകരണത്തോടെ 'കമ്മ്യൂണിറ്റി ആർക്കൈവ്സ്' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സാക്ഷരതാമിഷന്റെ സഹകരണത്തോടെ സ്വകാര്യരേഖകൾ കണ്ടെത്തുന്നതിന്റെ ഭാഗ മായി കേരളത്തിലെ 14 ജില്ലകളിലും ഏകദേശം 70,000 വോളണ്ടിയർമാരുടെ നേതൃത്വത്തിൽ ഒരു ചരിത്ര |

| | | | |
|---|---|---|---|
| | | | രേഖാ സർവ്വെ നടത്തുകയും, അതുവഴി നിരവധി അമൂല്യങ്ങളായ ചരിത്ര രേഖകൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. ചരിത്ര രേഖാ സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സാക്ഷരതാ മിഷൻ തയ്യാറാക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | സവിശേഷവും ചരിത്ര പ്രാധാന്യമുള്ളതുമായ സുപ്രധാന രേഖകൾ കേരളത്തിന്റെ പരമ്പരാഗത ചുമർ ചിത്രശൈലിയിൽ ചിത്രീകരിച്ച് പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ചരിത്ര പ്രാധാന്യമുള്ള സംഭവ പരമ്പരകളെ അടയാളപ്പെടുത്തുന്ന ചരിത്ര രേഖകൾ പരമ്പരാഗത ചുമർ ചിത്രശൈലിയിൽ ആറന്മുള വാസ്തുവിദ്യാ ഗുരുകുല കേന്ദ്രവുമായി യോജിച്ച് ചിത്രീകരിച്ച് പ്രദർശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും പൊതുജനങ്ങൾ, ചരിത്ര വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | മൺമറഞ്ഞുപോയ ഒരു കാലഘട്ടത്തിന്റെ അവശേഷിപ്പുകൾ വരും തലമുറയ്ക്കായി കാത്തുസൂക്ഷിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തിട്ടുള്ള ആർക്കൈവ്സ് വകുപ്പിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും സമൂഹത്തിന്റെ വിവിധ മേഖലകളിൽ എത്തിക്കുന്നതിന് വിപുലമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ചരിത്ര പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ വകുപ്പ് സംഘടിപ്പിച്ചു വരുന്നു. വിദ്യാർത്ഥികളിൽ പൈതൃക സംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനായി 'ഹെറിറ്റേജ് ക്ലബ്ബ്' എന്ന പദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥി കളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിനായി വർഷം തോറും കേരള ചരിത്ര ക്വിസും നടത്തി വരുന്നുണ്ട്. ചരിത്ര ക്വിസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 25,000/- രൂപയും രണ്ടാം സ്ഥാനക്കാർക്ക് 15,000/- രൂപയും മൂന്നാം സ്ഥാനക്കാർക്ക് 10,000/- രൂപയും വകുപ്പ് നൽകി വരുന്നു. അതോടൊപ്പം ക്വിസിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് കേരളത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി 'ചരിത്ര പൈതൃക പഠനയാത്ര'യും വകുപ്പ് സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ